**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് ,ഡയറക്ടറേറ്റ് ആദ്യ 1000-ദിന പരിപാടി 2022-23 പുതിയ പ്രോജക്ടുകൾക്ക് തുക അനുവദിച്ച് - ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 245/2022/വശിവിവ,തീയതി 21-05-2022
2. 01-07-2021 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ICDS/A5/5515/21 നം കത്ത്.
3. 26-05-2022 ലെ കോഴിക്കോട് പ്രോഗ്രാം ഓഫീസറുടെ ഡി 356/2022 നം കത്ത്.
4. 8/7/2022 ലെ ബഹു. ഡയറക്ടറുടെ ഉത്തരവ് നം. ICDS/A5/918/22

**ഉത്തരവ് നം. ICDS/A5/918/2022 തീയതി: 19/07/2022**

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതു വരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതും കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആദ്യ 1000 ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കുട്ടിയുടെ ആദ്യ 1000 ദിനങ്ങളിൽ അനുയോജ്യമായ വളർച്ചയും വികസനവും ഉറപ്പിക്കുന്നതിനായി അമ്മയുടെ ആരോഗ്യത്തിനും സുഖകരമായ ജീവിതത്തിനും പദ്ധതിയുടെ ഭാഗമായി പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ലാണ് ആദ്യ 1000 ദിന പരിപാടി എന്ന പദ്ധതി അട്ടപ്പാടി ഐ. സി. ഡി. എസ്. പ്രോജക്ടിൽ ആരംഭിച്ചത്. 2018-19 സാമ്പത്തിക വർഷം മുതൽ എസ്.സി./എസ്. റ്റി. ജനസംഖ്യ, മത്സ്യത്തൊഴിലാളി ജനസംഖ്യ, തൂക്കകുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് 10 ഐ. സി. ഡി. എസ്. പ്രോജക്ടുകളിലും 2021-22 സാമ്പത്തിക വർഷം മുതൽ ജില്ലയിൽ രണ്ട് പ്രോജക്ടുകൾ വീതം സംസ്ഥാനത്താകെ 28 പ്രോജക്ടുകളിലും പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി.

സംസ്ഥാനത്ത് പുതിയതായി തെരഞ്ഞെടുത്ത 14 ഐസിഡിഎസ് പ്രോജക്ടുകളിൽ കൂടി (ജില്ലയിൽ ഒരു പ്രോജക്ട് വീതം) 2022-23 സാമ്പത്തിക വർഷം മുതൽ ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നതിലേയ്ക്കായി പരാമർശം(1) സർക്കാർ ഉത്തരവ് പ്രകാരം ആകെ 1,05,00,000 രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കുറഞ്ഞ ജനനഭാരത്തോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഭാഗമായി

പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് നൽകേണ്ടതായിട്ടുണ്ട്.

- പദ്ധതിയുടെ ഭാഗമായി ഈ വിഭാഗങ്ങൾക്ക് മാത്രമാണ് തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നതെന്ന് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.
- പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ മാനദണ്ഡങ്ങൾ പ്രകാരംപദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താവുന്നതാണ് . കൂടാതെ പദ്ധതിയുടെ ഭാഗമായി 2021-22 ൽ ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, പ്രവർത്തന കലണ്ടർ(മെഡിക്കൽ ക്യാമ്പ് ഒഴികെ) എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
- ഒരു പ്രോജക്ടിന്റെ പരിധിയിൽ 250 ഗുണഭോക്താക്കൾ എന്ന എണ്ണം നിശ്ചയിച്ചാണ്തെറാപ്യൂട്ടിക് ഫുഡിനുള്ള ഫണ്ട് അനുവദിച്ചിട്ടുള്ളത്
- ഓരോ പ്രോജക്ടിലും ആവശ്യമായ തെറാപ്യൂട്ടിക് ഫുഡ് കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഓരോ മാസവും അങ്കണവാടികൾ വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതുമാണ്.
- തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നതിന് പ്രത്യേക രജിസ്റ്റർ അങ്കണവാടിയിൽ സൂക്ഷിക്കേണ്ടതും ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തിയ ശേഷം മാത്രമേ ഫുഡ് വിതരണം നടത്താവൂ.
- ഓരോ മാസവും പുതിയതായി വരുന്ന ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും പദ്ധതിയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് തുക ചെലവഴിക്കേണ്ടതും ആയതിന്റെ വിശദാംശം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.
- ജില്ലാ വനിതശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവർ എല്ലാ മാസവും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

ഒരു ഗുണഭോക്താവിന് ഒരു മാസത്തേയ്ക്ക് 3 കിഗ്രാം തെറാപ്യൂട്ടിക് ഫുഡ് വീതം 6 മാസത്തേയ്ക്ക് (2022 ജൂലായ്- 2022 ഡിസംബർ) 18 കിഗ്രാം തെറാപ്യൂട്ടിക് ഫുഡ് ആവശ്യമായി വരും. 1 കിഗ്രാം തെറാപ്യൂട്ടിക് ഫുഡിന് GST ഉൾപ്പെടെ 96.06 രൂപയാണ് ചെലവുവരുന്നത്. കോഴിക്കോട് ജില്ലയിൽ നിന്നും പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയ പന്തലായനി അഡീഷണൽ ഐസിഡിഎസിൽ ന്യൂട്രിമാം,ഗ്രാവിപ്പൊടി എന്നിവ വിതരണം ചെയ്യുന്നതിനാൽ പ്രസ്തുത പ്രോജക്ടിനെ മാറ്റി വടകര അർബൻ പ്രോജക്ടിനെ തെരഞ്ഞെടുക്കണമെന്ന് പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നതിനാൽ

ആയതിനുള്ള സർക്കാർ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് കോഴിക്കോട് ജില്ലയ്ക്ക് ഫണ്ട് അനുവദിയ്ക്കാമെന്ന വ്യവസ്ഥയിൽ മറ്റുള്ള 13 ICDS പ്രോജക്ടുകൾക്ക് 6 മാസത്തേക്കുള്ള തെറാപ്യൂട്ടിക് ഫുഡിനായി ആകെ ആവശ്യമുള്ള 56,19,510 രൂപ (അൻപത്തിയാറ് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി പത്ത് രൂപ മാത്രം) ചുവടെ ചേർത്തിരിക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ആദ്യ 1000 ദിന പരിപാടി 2022-23 | | | |
|---|---|---|---|
| ക്രമനം | ജില്ല | പദ്ധതിയിൽ ഉൾപ്പെടുന്ന പുതിയപ്രോജക്ടിന്റെ പേര് | തെറാപ്യൂട്ടിക് ഫുഡിന് 6 മാസത്തേയ്ക്ക് അനുവദിയ്ക്കുന്നതുക(250 x3x6x96.06) |
| 1 | തിരുവനന്തപുരം | ചിറയിൻകീഴ് | 4,32,270 |
| 2 | കൊല്ലം | ചവറ | 4,32,270 |
| 3 | പത്തനംതിട്ട | റാന്നി | 4,32,270 |
| 4 | ആലപ്പുഴ | ആലപ്പുഴ അർബൺ | 4,32,270 |
| 5 | കോട്ടയം | കാഞ്ഞിരപ്പള്ളി | 4,32,270 |
| 6 | ഇടുക്കി | ഇളംദേശം | 4,32,270 |
| 7 | എറണാകുളം | പള്ളുരുത്തി | 4,32,270 |
| 8 | തൃശ്ശൂർ | ചാവക്കാട് | 4,32,270 |
| 9 | പാലക്കാട് | മലമ്പുഴ | 4,32,270 |
| 10 | മലപ്പുറം | കാളിക്കാവ് | 4,32,270 |
| 11 | വയനാട് | കൽപ്പറ്റ അഡീഷണൽ | 4,32,270 |
| 12 | കണ്ണൂർ | ഇരിക്കൂർ അഡിഷണൽ | 4,32,270 |

| | | | |
|---|---|---|---|
| 13 | കാസർഗോഡ് | പരപ്പ | 4,32,270 |
| | | **ആകെ** | **56,19,510** |

(ആകെ: അൻപത്തി ആറായിരത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി പത്ത് രൂപ മാത്രം)

ടി തുക ജില്ലാവനിതശിശുവികസന ഓഫീസർമാർക്ക് അനുവദിക്കേണ്ടതും ജില്ലാവനിതശിശുവികസന ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ഇതിനാവശ്യമായ ചെലവുകൾ 2022-23 സാമ്പത്തിക വർഷത്തെ നവജാതശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയ്ക്ക് വേണ്ടി വകയിരുത്തിയിട്ടുള്ള 2235-02-102-50(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.ചെലവഴിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർമാർ ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്.

പരാമർശം 4 ലെ ഉത്തരവ് ഇതിനാൽ റദ്ദുചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർ
പകർപ്പ് :

1. എല്ലാ ജില്ലാവനിതശിശുവികസന ഓഫീസർമാർക്ക്
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്ക്
3 സ്റ്റോക്ക്ഫയൽ

Signature valid

Digitally signed by [illegible]anka G
Date: 2022.07.19 [illegible]8:05 IST
Reason: Approved